LIBRARY ARCHIVES Kerala Legislative Assembly

തീരപ്രദേശങ്ങളിൽ ശുദ്ധജല വിതരണം

102 [3357] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിനുള്ള പദ്ധതിയിൽ കടലുണ്ടി പഞ്ചായത്തിലെ ചാലിയം ഫിഷ്ലാന്റിംഗ് സെന്റർ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രദേശങ്ങൾ ഏതെല്ലാമാണ്;

(സി) ചാലിയം തീരപ്രദേശവും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളി ഗ്രാമങ്ങളായ ചാലിയം, വെള്ളയിൽ, കൊയിലാണ്ടി, ചെറിയമങ്ങാട്, പെരുങ്ങാട് കടപ്പുറം, ഏഴുകുടിക്കൽ, പുതിയ കടപ്പുറം, പള്ളിക്കണ്ടി, ഏലത്തൂർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ചാലിയം മത്സ്യത്തൊഴിലാളി ഗ്രാമം ഉൾപ്പെടുത്തിയിട്ടുണ്ട്.

അഴീക്കൽ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിന് അനക്സ് കെട്ടിടനിർമ്മാണം

103 [3358] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ സ്ഥലപരിമിതിമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളിന് അനക്സ് കെട്ടിടനിർമ്മാണം സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) കെട്ടിടനിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കെട്ടിടനിർമ്മാണത്തിന് 33.3 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രവൃത്തിക്ക് 30-3-2000-ൽ അംഗീകാരം നൽകി. കെട്ടിടത്തിന്റെ പണി 2005-ൽ പൂർത്തീകരിച്ചു. അധികം ചെലവായ തുക കൂടി ഉൾപ്പെടുത്തി 36.9 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 4-7-2005-ൽ നൽകുകയും ചെയ്തു.

(ഡി) കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് വികസന പ്രവർത്തനങ്ങൾ

104 [3360] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലയിലെ പശ്ചാത്തല വികസന പദ്ധതികൾ വേണ്ടരീതിയിൽ നടക്കുന്നില്ല എന്ന ആക്ഷേപം പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റ് ഉൾപ്പെടെയുള്ള വിവിധ സഹായങ്ങൾ ലാപ്സാകാതെ നടപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്.†

(ബി) റോഡുകളെ സംബന്ധിച്ചിടത്തോളം ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കാൻ 200 ലക്ഷം രൂപ നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. കൂടാതെ, പുതിയ പ്രവൃത്തികളേറ്റെടുക്കാൻ ധനസഹായത്തിനായി നബാർഡിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കുടിവെള്ളത്തെ സംബന്ധിച്ച് ഭൂമി ലഭിക്കാൻ പ്രയാസമുള്ള പ്രദേശങ്ങളിൽ ഫിഷറീസ് ഭൂമി ലഭ്യമാക്കി കുടിവെള്ള പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

പണി പൂർത്തിയാക്കാൻ വളരെ വൈകിയ വിഴിഞ്ഞം ഫിഷറീസ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾ തദ്ദേശവാസികളുടെയും

† അനുബന്ധം VII കാണുക.

LIBRARY ARCHIVES Kerala Legislative Assembly